തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, തിരൂർ, മലപ്പുറം, പിൻ:676 502
ഫോൺ : 0494 2631230

നം, 772/2026/സി3/അഡ്മിൻ തീയതി : 29.05.2026

**പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ വിവിധ സ്കൂളുകളിൽ 2026 - 2027 അദ്ധ്യയനവർഷം ആരംഭിക്കുന്ന പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

| ക്രമ. നം. | പഠന സ്കൂളുകൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | ഭാഷാശാസ്ത്രം | 4 |
| 2. | സാഹിത്യപഠനം | 3 |
| 3. | സാഹിത്യരചന | 5 |
| 4. | സംസ്കാരപൈതൃകപഠനം | 6 |
| 5. | പരിസ്ഥിതിപഠനം | 2 |
| 6. | വികസനപഠനം | 5 |
| 7. | ചരിത്രപഠനം | 5 |
| 8. | സോഷ്യോളജി | 1 |
| 9. | ചലച്ചിത്രപഠനം | 1 |
| 10. | എഴുത്തച്ഛൻപഠനം | 1 |

**1. യോഗ്യത:**

| ക്രമ. നം. | വിഷയം | പഠനസ്കൂൾ | അടിസ്ഥാനയോഗ്യത |
|---|---|---|---|
| 1. | ഭാഷാശാസ്ത്രം | ഭാഷാശാസ്ത്രം | എം. എ. ഭാഷാശാസ്ത്രം |
| 2. | മലയാളം | സാഹിത്യപഠനം | *എം.എ മലയാളം |
| 3. | മലയാളം | സാഹിത്യരചന | *എം.എ.മലയാളം |
| 4. | മലയാളം | സംസ്കാരപൈതൃക പഠനം | എം. എ. (മലയാളം), എം. എ. (സംസ്കാരപൈതൃകം), എം. എ. ഫോക് ലോർ |

| | | | |
|---|---|---|---|
| 5. | പരിസ്ഥിതിപഠനം | പരിസ്ഥിതിപഠനം | എം. എ. പരിസ്ഥിതിപഠനം. എം എസ് സി. പരിസ്ഥിതിശാസ്ത്രം, എംടെക്.എൻവയോൺമെന്റൽ എഞ്ചിനീയറിങ്<br><br>ഒഴിവുള്ള ഗവേഷണ മേഖലകൾ<br>1) ജല ആവാസ വ്യവസ്ഥയുടെ പരിപാലനവും വിലയിരുത്തലും<br>2) ഭൂഗർഭ ജലഗുണ നിലവാരവും ആരോഗ്യവും<br>3) ഖരമാലിന്യ പരിപാലനം |
| 6. | വികസനപഠനം | വികസനപഠനം | എം. എ. തദ്ദേശവികസനപഠനം,ഇക്കണോമിക്സ്,പൊളിറ്റിക്കൽ സയൻസ്, ഡവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡവലപ്മെന്റ്, എം എസ്സ്.ഡബ്ല്യൂ. |
| 7. | ചരിത്രം | ചരിത്രപഠനം | എം. എ. ചരിത്രം |
| 8. | സോഷ്യോളജി | സോഷ്യോളജി | എം. എ. സോഷ്യോളജി |
| 9. | ചലച്ചിത്രപഠനം | ചലച്ചിത്രപഠനം | എം. എ. (ചലച്ചിത്രപഠനം, സിനിമ/അനുബന്ധ വിഷയങ്ങൾ) |
| 10. | മലയാളം / താരതമ്യസാഹിത്യ പഠനം | എഴുത്തച്ഛൻപഠനം | #എം. എ. മലയാളം/ ഭാഷാ വിഷയങ്ങളിലോ താരതമ്യസാഹിത്യപഠനത്തിലോ (Comparative Literature) ഉള്ള എം. എ. ബിരുദം |

** എം.എ മലയാളം (സാഹിത്യരചന), എം.എ മലയാളം (സാഹിത്യ പഠനം), എം.എ മലയാളം (സംസ്കാരപൈതൃകം) ഈ മൂന്ന് പ്രോഗ്രാമുകളും എം.എ മലയാളം പ്രോഗ്രാമായി പരിഗണിക്കുന്നതാണ്.*

*#എം.എ മലയാളം അടിസ്ഥാന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മലയാളത്തിലും, മറ്റ് ഭാഷാ വിഷയങ്ങൾ/താരതമ്യസാഹിത്യ പഠനം എന്നിവ അടിസ്ഥാന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് താരതമ്യസാഹിത്യപഠനത്തിലുമാണ് ഗവേഷണ ബിരുദം നൽകപ്പെടുന്നത്.*

മേൽപറഞ്ഞ വിഷയങ്ങളിൽ 55% മാർക്ക് നേടിയിരിക്കണം. ഒ.ബി.സി. (നോൺക്രീമിലെയർ)/പട്ടികജാതി/പട്ടികവർഗ/ഭിന്നശേഷി/ഇ.ഡബ്ല്യൂ.എസ് എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 50% മാർക്ക് മതിയാകും. മാർക്ക് കണക്കാക്കുമ്പോൾ യാതൊരുവിധ ഗ്രേസ് മാർക്കും പരിഗണിക്കുന്നതല്ല.

## 2. പ്രവേശനപ്പരീക്ഷ:

2026 ജൂലൈ ആദ്യവാരം തിരൂരിലെ മലയാളസർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തുന്നതായിരിക്കും. പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശനപ്പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് നേടിയവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. എസ്.സി./എസ്.ടി./ഒ.ബി.സി. ഭിന്നശേഷിക്കാർ/ഇ.ഡബ്ല്യൂ.എസ് എന്നിവർക്ക് പ്രവേശനപ്പരീക്ഷയിൽ 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്. ജെ.ആർ.എഫ്/നെറ്റ്/യു.ജി.സി. പിഎച്ച്.ഡി. പ്രവേശനയോഗ്യത നേടിയവർ/തത്തുല്യയോഗ്യത നേടിയവർ/എം.ഫിൽ ബിരുദമുള്ളവർ എന്നിവർ പ്രവേശനപ്പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ അവരും നിശ്ചിതരീതിയിൽ യഥാസമയം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## 3. അപേക്ഷ സമർപ്പണം:

i. അപേക്ഷ 2026 ജൂൺ 1-ആം തീയതി മുതൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫീസായ 600/- രൂപ സർവകലാശാലയുടെ www.malayalamuniversity.edu.in എന്ന വെബ് സൈറ്റിലെ എസ് ബി ഐ e-collect ലിങ്ക് വഴി അടക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/ഒ. ബി. സി (നോൺ ക്രീമിലെയർ)/ഭിന്നശേഷി വിഭാഗങ്ങളിലെ അപേക്ഷകർക്ക് 210 രൂപയാണ് ഫീസ്. ഒരു തവണ അടച്ച ഫീസ് തുക യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല.

ii. അപേക്ഷാഫോറവും വിശദവിവരങ്ങളും www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

iii. ജെ.ആർ.എഫ്/നെറ്റ്/യു.ജി.സി. (പിഎച്ച്.ഡി) പ്രവേശന യോഗ്യത/എം.ഫിൽ/മറ്റ് ദേശീയ ഫെല്ലോഷിപ്പ് പരീക്ഷാ വിജയികൾ എന്നിവർക്ക് പൊതുപ്രവേശന പരീക്ഷയിൽ ഇളവ് അനുവദിക്കുമെങ്കിലും അഭിമുഖപരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. ജെ.ആർ.എഫ്/നെറ്റ് യോഗ്യത ഇല്ലാത്ത വിഷയങ്ങളിൽ സർവ്വകലാശാല നടത്തുന്ന പ്രവേശനപരീക്ഷയും അഭിമുഖവുമായിരിക്കും മാനദണ്ഡം. ജെ.ആർ.എഫ്. ലഭിച്ചവർക്ക് പ്രവേശനപരീക്ഷയിൽ 70 മാർക്ക് ലഭിച്ചതായി കണക്കാക്കും. നെറ്റ്/യു.ജി.സി (പിഎച്ച്.ഡി) പ്രവേശനയോഗ്യത നേടിയവരുടെ കാര്യത്തിൽ യു.ജി.സി. പരീക്ഷയ്ക്ക് കിട്ടിയ സ്കോർ 70 ലേക്ക് പരിവർത്തിപ്പിച്ച് പരിഗണിക്കും.

iv. യു.ജി.സി.യിൽനിന്ന് എഫ്.ഐ.പി. ആനുകൂല്യം നേടിയിട്ടുള്ളവർ പ്രവേശനപരീക്ഷ എഴുതേണ്ടതില്ല. എന്നാൽ അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

v. അഭിമുഖത്തിന് ശേഷം തയ്യാറാക്കുന്ന അന്തിമ പട്ടികയിൽ ഉൾപ്പെടുന്നവരെ നിലവിലുള്ള ഒഴിവുകളിൽ സംവരണക്രമം പാലിച്ച് പ്രവേശനം അനുവദിക്കും.

vi. സർവകലാശാല/സർക്കാർ/എയ്ഡഡ്സ്കൂൾ-കോളേജ് അദ്ധ്യാപകർ, അർദ്ധ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാർ

എന്നിവർക്കു മാത്രമേ ഭാഗികഗവേഷണത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

vii. പിഎച്ച്.ഡി.പ്രോഗ്രാമിന്റെ കാലാവധി ആറുമാസത്തെ കോഴ്സ് വർക്ക് ഉൾപ്പെടെ, പൂർണ്ണസമയഗവേഷകർക്ക് പരമാവധി 5 വർഷവും, ഭാഗികഗവേഷകർക്ക് 6 വർഷവും ആയിരിക്കും. പ്രബന്ധസമർപ്പണത്തിന് ഏറ്റവും കുറഞ്ഞ സമയം, പൂർണസമയഗവേഷകർക്ക് 3 വർഷവും ഭാഗികഗവേഷകർക്ക് 4 വർഷവും ആയിരിക്കും. ഭാഗികഗവേഷകരും 6 മാസത്തെ കോഴ്സ് വർക്ക് പൂർണസമയഗവേഷകർക്കൊപ്പം പൂർത്തിയാക്കേണ്ടതാണ്. ഭാഗികഗവേഷണത്തിനർഹതയുള്ള സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർ പ്രസ്തുത കാലയളവിൽ ഓഫീസിൽ ഹാജരായിട്ടില്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനമേധാവിയിൽ നിന്നും വാങ്ങി കോഴ്സ് വർക്ക് പരീക്ഷയുടെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

viii. അർഹരായ പൂർണസമയഗവേഷകർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർവകലാശാലാ ഫെല്ലോഷിപ്പ് അനുവദിക്കുന്നതാണ്.

ix. പൂർണസമയഗവേഷകർക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ സൗകര്യം അനുവദിക്കുന്നതാണ്.

x. അപേക്ഷ സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി: 2026 ജൂൺ 15.

xi. ഹാൾടിക്കറ്റ് അപേക്ഷകരുടെ ഇ-മെയിൽ വഴിയായിരിക്കും യോഗ്യരായ അപേക്ഷകർക്ക് അയയ്ക്കുക.

xii. സർവകലാശാല നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പിഎച്ച്.ഡി. ചട്ടത്തിൽ ആവശ്യാനുസരണം ഭേദഗതി വരുത്തുവാൻ വൈസ് ചാൻസലർക്കുള്ള പരമാധികാരത്തെ ഉപയോഗിച്ചുകൊണ്ടും, നിർവാഹകസമിതിയുടെ അനുമതിക്കു വിധേയമാക്കിക്കൊണ്ടുമാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

xiii. പ്രവേശനത്തെ സംബന്ധിച്ച് ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത ഏതു വിഷയത്തെ സംബന്ധിച്ചും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

**രജിസ്ട്രാർ ഇൻ ചാർജ്**